**20U134** (Pages: 2) Name: ..................................

Reg. No: ...............................

**FIRST SEMESTER B.A. DEGREE EXAMINATION, NOVEMBER 2020**

(CBCSS - UG)

(Regular/Supplementary/Improvement)

**CC19U MAL1 B01 - നവോഥാന മലയാള കവിത**

(Malayalam - Core Course )

(2019 Admission onwards)

Time : 2.5 Hours Maximum : 80 Marks

Credit : 5

**Part A** (Short answer questions)

Answer ***all*** question. Each question carries 2 marks.

1. വള്ളത്തോളിന്റെ മറ്റ് കൃതികളിൽ നിന്നും മഗ്ദലനമറിയം എന്ന കൃതി വ്യത്യസ്തമാക്കുന്നതെങ്ങനെ?
2. ആധുനിക മലയാളഗദ്യരചനയ്ക്ക് അടിസ്ഥാനമിട്ടത് എന്താണ്?
3. ഏ. ആറിനെ കേരളപാണിനി എന്ന് വിശേഷിപ്പിക്കാൻ കാരണമെന്ത്?
4. "രണ്ടാൾക്കുമുണ്ടണയുവാൻ കൊതിയെന്നു കണ്ടു-രണ്ടാളുമുൾത്തളിരുകൊണ്ടവർ തമ്മിൽ വേട്ടു" ആരെക്കുറിച്ചാണ് പരാമർശം?
5. കിളിപ്പാട്ട് പ്രസ്ഥാനം എന്താണ് ?
6. കുമാരനാശാൻ എഴുതിയ വിലാപകാവ്യം ഏത്? പ്രമേയം എന്ത്?
7. മങ്ങിക്കാണുന്ന ലോകപ്രകൃതിയുടെ പകർപ്പെന്നമട്ടന്നു മൗനം തങ്ങിക്കൊണ്ടർദ്ധരാത്രിക്കൊരു പുരുഷനിരു - ന്നീടിനാനാടലോടേ' സന്ദർഭമേത്?
8. റൊമാന്റിസം എന്ന പദത്തിന്റെ നിഷ്പത്തി ?
9. എന്താണ് എക്സ്പ്രഷനിസം?
10. കവി വൈലോപ്പിള്ളി ശ്രീധരമേനോനെ പരിചയപ്പെടുത്തുക.
11. 'സ്പന്ദിക്കുന്ന അസ്ഥിമാടം' എന്ന പ്രയോഗം ധ്വനിപ്പിക്കുന്നത് എന്ത് ?
12. ആധുനികത എന്നാലെന്ത് ?
13. റിയലിസം എന്നാലെന്ത്?
14. "നിൻ കരലാളനത്തിൽ നിതാന്തമുക്തി വരിക്കുവാൻ" - സന്ദർഭം ?
15. വൈശാഖകന്യക മേദിനിയുടെ നടപ്പന്തലിൽ നിൽക്കുന്നതെങ്ങനെ?

**(Ceiling: 25 Marks)**

## **Part B** (Paragraph questions)

Answer ***all*** question. Each question carries 5 marks.

16. "ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര -ദ്വിഷ്ടത്വത്താലൊരുവനുളവാം മാനനഷ്ടത്തിനാലും-കഷ്ടപ്പെട്ടപ്പുരുഷനൊരു നാലഞ്ചു കൊല്ലം കഴിച്ചാൻ ദിഷ്ടക്കേടാൽ വരുവതു പരിഹാരമില്ലാത്തതല്ലോ." സൂചിതമെന്ത്?

17. "സ്മരിച്ചുടൻ സിന്ധുനുകർന്ന മാമുന്നി- പ്രധാനി തൻ ശിഷ്യകളോടിണങ്ങി നീ " - സൂചിതകഥയെന്ത്?

18. ആധുനിക ഖണ്ഡകാവ്യങ്ങളുടെ സവിശേഷത എന്ത്?

19. "പഴകിയതരുവല്ലി മാറ്റിടാം,പുഴയൊഴുകുംവഴി വേറെയാക്കിടാം,കഴിയുമവ;മനസ്വിമാർ മനസ്സൊഴിവതശക്യമൊരാളിലൂന്നിയാൽ." ആശയമെന്ത്?

20. കാല്പനികകവികൾക്കുശേഷം വന്ന റിയലിസ്റ്റിക് കവികൾ  തങ്ങളുടെ രചനകൾക്ക് മാനദണ്ഡമാക്കിയത് എന്തെല്ലാം?

21. ഭൂതകാലത്തിന്റെ നിക്ഷേപച്ചെപ്പുകളായി കവി കരുതുന്നത് എന്താണ് ? കാരണം ?

22. “മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു പക്ഷെ അവൻ ചങ്ങലക്കെട്ടുകളിലാണ് ” എന്ന റൂസോവചനത്തിന്റെ ആന്തരീകാർത്ഥം എന്ത്?

23. " കൂറ്റ് മൃഗമതു താഴ്ത്തിയ മോന്തയ-
    മർത്തി ചീറ്റും  ചീറ്റൽ സഹാറയിൽ കാട്ടിൽക്കു- ഗ്രാമത്തിൽ  പുരിയിൽ-
    ക്കടലിൽ മുഴങ്ങുകിലെന്താശ്ചര്യം-ആശയം വിശദമാക്കുക

**(Ceiling: 35 Marks)**

## **Part C** (Essay questions)

Answer any ***two*** question. Each question carries 10 marks.

24. പച്ചമലയാളപ്രസ്ഥാനത്തിന്റെ ഉത്ഭവവും വളർച്ചയും എപ്രകാരമായിരുന്നു എന്ന് വിലയിരുത്തുക.

25. മനുഷ്യസ്വാതന്ത്ര്യത്തെ മുൻനിർത്തി എഴുതിയ കൃതിയാണ് 'ജാതിക്കുമ്മി' - സമർത്ഥിക്കുക.

26. നിമിഷത്തിന് പൂമ്പാറ്റയുടെ രൂപംനൽകി പ്രപഞ്ചസത്യത്തെ കണ്ടെത്താൻ ശ്രമിക്കുകയാണ് കവി 'നിമിഷം 'എന്ന കവിതയിലൂടെ . ചർച്ച ചെയ്യുക.

27. നവനാഗരികതയുടെ നേരെയുള്ള തീക്ഷ്ണവിമർശനമാണ് 'ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കവിത പരിശോധിക്കുക ?

**(2 × 10 = 20 Marks)**

*******